പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1161

11.7.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## ''പ്ളാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ പ്രയോഗം''

ചോദ്യം

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:

മറുപടി

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറയിലെ പ്ളാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചിട്ടുണ്ടോ എന്നും, ഇപ്പോൾ തളിച്ചുവരുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ; | എ) 2002 വരെ തളിച്ചിട്ടുണ്ട്. ഇപ്പോൾ തളിക്കുന്നില്ല. 540 ഹെക്ടർ കശുമാവിൻതോട്ടത്തിൽ 2002 നു ശേഷം എൻഡോസൾഫാൻ എന്ന കീടനാശിനി തളിച്ചിട്ടില്ല. |
| ബി) എങ്കിൽ വർഷവും അളവും എത്രയെന്ന് വ്യക്തമാക്കുമോ; | ബി) 2001-ൽ 36 ലിറ്ററും 2002-ൽ 35 ലിറ്ററും തളിച്ചിട്ടുണ്ട്. |
| സി) എൻഡോസൾഫാൻ തളിച്ചതുമൂലം ദുരന്തമനുഭവിക്കുന്നവരുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. ആരോഗ്യ വകുപ്പ് ഈ പ്രദേശങ്ങളിൽ നടത്തിയ പ്രാഥമിക സർവ്വെയിൽ മാനസികവും ശാരീരികവുമായ വൈകല്യങ്ങളുള്ള ഏതാനും പേരെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ എൻഡോസൾഫാൻ മൂലമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. |
| ഡി)എങ്കിൽ എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; | ഡി) 2010 നവംബറിൽ ആരോഗ്യ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വെയിൽ 3 കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; | ഇ) ഇല്ല. |
| എഫ്) ഇല്ലെങ്കിൽ പഠനം നടത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | എഫ്) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.